(ബി) ഇല്ല.

(സി) ഈ കാര്യം പരിഗണിക്കുന്നതാണ്.

പട്ടികജാതി–പട്ടികവർഗ്ഗക്കാർക്കെതിരെ കൊലപാതകങ്ങളും മർദ്ദനങ്ങളും

1509. [2263] ശ്രീമതി. ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം പട്ടിക ജാതി-പട്ടിക വർഗ്ഗക്കാർക്കെതിരെ കൊലപാതകങ്ങളും മർദ്ദനങ്ങളും വർദ്ധിച്ചിട്ടുണ്ടോ ;

(ബി) പട്ടികജാതി–പട്ടികവർഗ്ഗക്കാരുടെ നേരെയുണ്ടാകുന്ന മർദ്ദനങ്ങളെ ഫലപ്രദമായി നേരിടാൻ എന്തെങ്കിലും പുതിയ സംവിധാനം ഗവൺമെൻറിന്റെ പരിഗണനയിലുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി, സി) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുനേരെയുള്ള അതിക്രമങ്ങളെ സംബന്ധിച്ച് ഉള്ള കേസുകൾ അന്വേഷിച്ച് നടപടികൾ സ്വീകരിക്കുന്നതിലേക്കായി പോലീസ് വകുപ്പിൽ ഇപ്പോൾ തന്നെ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിലേക്കായി പോലീസ് ഹെഡ് കാർട്ടേഴ്സിൽ പോലീസ് ഐ. ജി. (പി. സി. ആർ.) യുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സെൽ തന്നെ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ സെക്രട്ടേറിയറ്റിലെ ആഭ്യന്തരവകുപ്പിൽ ഹരിജനങ്ങൾക്കുനേരെയുണ്ടാകുന്ന അതിക്രമങ്ങളെക്കുറിച്ചുള്ള പരാതികൾ കൈകാര്യം ചെയ്ത് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിന് ഒരു സ്പെഷ്യൽ സെൽ നിലവിലുണ്ട്.

ബലാൽസംഗത്തിനു വിധേയരാകുന്നവർക്കുള്ള ധനസഹായം നൽകുന്ന ഗവൺമെൻറ് ഉത്തരവ് പിൻവലിക്കണമെന്ന ആവശ്യം

1510. [2264) ശ്രീമതി. ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബലാൽസംഗത്തിനു വിധേയരാകുന്ന പട്ടിക ജാതി പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് 5000 രൂപ ധനസഹായം നൽകുവാനുള്ള തീരുമാനം അടങ്ങിയ ജി. ഒ. പിൻവലിക്കണമെന്ന് ഹരിജൻ സംഘടനകളും മഹിളാ സംഘടനകളും ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) അത് പിൻവലിക്കാത്തത് എന്തുകൊണ്ടാണ് ;

(സി) പട്ടികജാതിക്കാരെ രണ്ടാംതരം പൗരൻമാരായി കാണുന്നതുകൊണ്ടാണ് പ്രസ്തുത ജി. ഒ. പിൻവലിക്കാത്തതെന്ന ആക്ഷേപം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ ജി. ഒ. പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly